ശ്രീ. പി. ഗോപാലൻ: അദ്ധ്യാപകന്മാരെല്ലാം കള്ളന്മാരാണെന്നുള്ള മുൻവിധിയനുസരിച്ച് കാര്യങ്ങളും പോകരുതെന്നും ഏകദേശം കാര്യങ്ങളും അവർ പറയുന്നതുംകൂടി വിശ്വസിച്ച് ഈ ഇൻസ്പെക്ഷൻ നടത്തണമെന്നുമാണ് പറഞ്ഞത്. അതു ചെയ്യുമോ?

ശ്രീ. ആർ. ശങ്കർ: അങ്ങനെയാണെങ്കിൽ ഒരു ദിവസത്തെ ഇൻസ്പെക്ഷന്റെയും ആവശ്യമില്ല. മാനേജരന്മാർ എഴുതി അയയ്ക്കുന്ന ലിസ്റ്റു നോക്കിയിട്ട് നിയമനം നടത്തിയാൽ മതിയല്ലോ.

മാപ്പിളത്തൊപ്പി വ്യവസായം

* 875 [16] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ:

(എ) കാസർകോട് താലൂക്കിൽ തളങ്കര എന്ന പ്രദേശത്ത് നാലായിരം പേർക്ക് ഉപജീവനോപാധിയായിരുന്ന മാപ്പിളത്തൊപ്പി വ്യവസായം ഇന്നു വളരെ തകർന്ന നശിച്ചുവരികയാണ് എന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തെപ്പറ്റി ഒരു അന്വേഷണം നടത്തി ഈ കുടിൽ വ്യവസായത്തിൽ ഏർപ്പെട്ടവർക്ക് വേണ്ടുന്ന സഹായങ്ങളും ചെയ്യുമോ;

(സി) ഈ തൊപ്പികളും വിദേശങ്ങളിലേക്ക് കയറ്റുമതി ചെയ്യുന്നുവെയാണോ; എങ്കിൽ എത്രലക്ഷം ഉറുപ്പികയുടെ വരെക്ക് കയറ്റുമതി ചെയ്യുന്നു;

(ഡി) ഈ വ്യവസായം സ്ത്രീകളുടെ വ്യവസായമാണെന്ന കാര്യം മുൻനിറുത്തി ഗവണ്മെന്റ് വേണ്ടതൊക്കെ ചെയ്തുകൊടുക്കുമോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ): (എ) കാസർകോട് താലൂക്കിൽ കലനാട്, പല്ലിക്കര, തളങ്കര, മെഗറാൻ എന്നീ സ്ഥലങ്ങളിൽ ഏകദേശം ആയിരം സ്ത്രീകളും മാപ്പിളത്തൊപ്പി വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നു എന്നും കുലിക്കുറവുകൊണ്ട് അവർ കഷ്ടപ്പെടുന്നുവെന്നും അന്വേഷണത്തിൽ അറിയുന്നുണ്ട്.

(ബി) ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അവരുടെതായ സഹകരണ സംഘങ്ങളും രൂപീകരിക്കുന്നതിനു വേണ്ട നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ഈ തൊപ്പികളും മദ്ധ്യേഷ്യൻ രാജ്യങ്ങളിലേക്ക് ചില വ്യവസായികൾ പതിവായി കയറ്റുമതി ചെയ്യുന്നു. 1963-ൽ 73,000 രൂപയുടെ തൊപ്പികളും കയറ്റുമതി ചെയ്തിട്ടുണ്ട്.

(ഡി) സഹകരണസംഘങ്ങളും രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുകമാത്രമേ ഇപ്പോളും ചെയ്യുന്നുള്ളൂ.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: അവർ മുമ്പു ഉപയോഗിച്ചിരുന്ന അവക്കു മെഷീനൊക്കെ തന്നെ പ്രവൃത്തിചെയ്യാതെ നിൽക്കുകയാണെന്നും അതുകൊണ്ടു അടിയന്തിരമായി കോവാപ്പറേറ്റീവ് ബേസിസിൽ ഉള്ള സഹായം നൽകണമെന്നും എന്നാൽമാത്രമേ ഇടത്തട്ടുകാരെ അവസാനിപ്പിക്കാൻ സാധിക്കുകയുള്ളൂഎന്നും ഈ ഇടത്തട്ടുകാർ ജോലിചെയ്യുന്നതിനുള്ള കൂലിപോലും കൊടുക്കുന്നില്ലെന്നും മനസ്സിലാക്കി ഗവണ്മെന്റ് ഇക്കാര്യത്തിൽ സത്വര നടപടികളും സ്വീകരിക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: അതാണ് ഞാൻ ഉത്തരത്തിൽ പറഞ്ഞത്. സഹകരണ സംഘങ്ങളും രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോസഫ് ചാഴിക്കാടൻ: മാപ്പിളതൊപ്പി വയ്ക്കേണ്ടതായ അനേകം ആളുകൾ ഇപ്പോൾ അതു് ഉപയോഗിക്കാത്തതുകൊണ്ടാണു് ഈ വ്യവസായം നശിച്ചുപോയതെന്നു് ബഹുമാനപ്പെട്ട ഗവണ്മെൻറിനറിയാമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: വിദേശങ്ങളിലേക്കു് ഈ തൊപ്പി കയറ്റുമതി ചെയ്യുന്നതിനുപുറമെ, ഇവിടെതന്നെയും ഈ തൊപ്പി ചെലവാക്കാനുള്ള ഏർപ്പാടുകൾ ചെയ്താൽ നന്നായിരിക്കുമെന്നു് ഗവണ്മെൻറിനു് അഭിപ്രായമുണ്ടു്.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി: കാസർകോട് താലൂക്കിൽ മാത്രമല്ല കണ്ണൂരിൽ മറ്റുചില സ്ഥലങ്ങളിലും സ്ത്രീകൾ വീട്ടിലിരുന്നു് നടത്തുന്ന ഒരു കുടിൽവ്യവസായമാണു് ഇതെന്നുള്ളതു കണക്കിലെടുത്തുകൊണ്ടും, ഇതിൻെറ കയറ്റുമതിക്കു് വളരെയധികം അഭിവൃദ്ധി ഉണ്ടെന്നുള്ളതു് കണക്കിലെടുത്തുകൊണ്ടും ഈ പ്രദേശങ്ങളിൽ പരസ്പരസഹായാടിസ്ഥാനത്തിൽകൂടി ഈ വ്യവസായം മുന്നോട്ടുകൊണ്ടുപോകാൻ അടിയന്തിര നടപടി എടുക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: മറെറന്തെങ്കിലും സഹായം ഈ വ്യവസായത്തിനു് ചെയ്യാൻ കഴിയുമോ എന്നു പരിശോധിക്കാം.

സിറേറി ഇമ്പ്രൂവ്മെൻറു് ട്രസ്റ്റു്

* 876 [17] ശ്രീ. എസ്സു്. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറേറി ഇംപ്രൂവ്മെൻറു് ട്രസ്റ്റു് പ്രവർത്തനം തുടങ്ങിയതു് എന്നുമുതൽക്കാണു്;

(ബി) ഇതിനകം എന്തെല്ലാം ഇംപ്രൂവുമെൻറു് പ്രവൃത്തികൾ സിറേറിയിൽ നടത്തി;

(സി) കരമന-ആറന്മൂർ റോഡിൻെറ പണി എന്നാണു് ആരംഭിച്ചതു്;

(ഡി) ഇതിൻെറ പണി എത്രത്തോളം നടത്തി;

(ഇ) ഇപ്പോൾ പ്രസ്തുത റോഡിൻെറ പണി നിർത്തിവച്ചിരിക്കുകയാണോ;

(എഫു്) ആണെങ്കിൽ കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): (എ) 1961 ഏപ്രിൽ 7-ാംതീയതി മുതൽ.

(ബി) ട്രസ്റ്റു് നടത്തിവരുന്ന പദ്ധതികളുടെ പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്.*

(സി) 3-4-63-ൽ.

(ഡി) റോഡിൻെറ പ്രഥമഘട്ടം പൂർത്തിയായിട്ടുണ്ടു്.

(ഇ) അല്ല.

(എഫു്) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. കെ. അനിരുദ്ധൻ: ഇതിൻെറ ചെയർമാനായിരുന്ന ശ്രീ. കുഞ്ഞുകൃഷ്ണപിള്ള പത്തുപതിനഞ്ചു സ്ത്രീമുകൾ ഗവണ്മെൻറിൻെറ മുമ്പിൽ വച്ചിട്ടുണ്ടെന്നും, അതിൽ ഗവണ്മെൻറു് ആവശ്യമായ പരിഗണന കൊടുത്തിട്ടില്ലെന്നും, അതിനുശേഷം നിയമിച്ച ചെയർമാൻ ശ്രീ. അലക്സാണ്ടർ പുതിയ സ്ത്രീം ഒന്നും ഗവണ്മെൻറിൻെറ മുമ്പിൽ വച്ചിട്ടില്ലെന്നും പത്രവാർത്ത കാണുകയുണ്ടായി. ഇതു സംബന്ധിച്ചുള്ള ഗവണ്മെൻറിൻെറ നില വ്യക്തമാക്കിയാൽ കൊള്ളാം.

*Appendix II

LIBRARY ARCHIVES Kerala Legislative Assembly